**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1360** **28-07-2021 - ൽ മറുപടിയ്ക്ക്**

**ഡൈനാമിക് ഫ്യുവൽ പ്രൈസ് മെത്തേഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | കേന്ദ്രസർക്കാർ നടപ്പാക്കുന്ന ഡൈനാമിക് ഫ്യുവൽ പ്രൈസ് മെത്തേഡ് എന്ന സംവിധാന പ്രകാരം അന്താരാഷ്ട്ര മാർക്കറ്റിൽ അസംസ്കൃത എണ്ണക്ക് വില കുറയുമ്പോഴും കൂടുമ്പോഴും രാജ്യത്ത് ഇന്ധനത്തിനും പാചകവാതകത്തിനും വില ദിനംപ്രതി വർദ്ധിപ്പിക്കുന്ന രീതി സംസ്ഥാനത്തെ സാധാരണക്കാരുടെമേൽ കനത്തഭാരം ഏൽപ്പിക്കുന്നതു പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | പെട്രോളിന്റേയും ഡീസലിന്റേയും വില നിയന്ത്രണം യഥാക്രമം 2010 ലും 2014 ലും കേന്ദ്രസർക്കാർ പിൻവലിച്ചതോടെ ഇന്ധന വില ക്രമാനുഗതമായി ഉയരുന്ന സ്ഥിതി വിശേഷമാണുണ്ടായത്. വില നിയന്ത്രണം പിൻവലിച്ചതോടെ എണ്ണക്കമ്പനികൾക്ക് അടിക്കടി ഇന്ധന വില വർദ്ധിപ്പിക്കാൻ അവസരം ലഭിച്ചിരിക്കുകയാണ്. ഇത് ജനജീവിതത്തെ സാരമായി ബാധിക്കുന്നതിന് കാരണമായിട്ടുണ്ട്. മാത്രമല്ല വർദ്ധിപ്പിച്ച നികുതി കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് പങ്കുവെക്കുന്നുമില്ല. |
| (ബി) | നിലവിലെ ഇന്ധനവിലയിൽ ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും കേന്ദ്ര സർക്കാർ ചുമത്തുന്ന വിവിധ നികുതികളും സെസ്സും സർചാർജ്ജും എത്രയെന്ന് അറിയിക്കാമോ; ഇതിൽ എത്ര ഭാഗം സംസ്ഥാനങ്ങളുമായി പങ്കുവെക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | പാചകവാതകത്തിനു ലഭിച്ചു വന്നിരുന്ന സബ്സിഡി നൽകാത്ത കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ; മണ്ണെണ്ണ ഉൾപ്പെടെയുള്ള പകരം പാചക ഇന്ധനം കേന്ദ്രത്തിൽ നിന്നു ലഭിക്കാത്ത സാഹചര്യത്തിൽ സബ്സിഡി അടിയന്തിരമായി പുന:സ്ഥാപിക്കാൻ ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കാമോ? | (സി) | പാചക വാതകത്തിന്റെ സബ്സിഡി നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് യാതൊരധികാരവുമില്ല. മണ്ണെണ്ണ സംബന്ധിച്ച വിഷയം ഇതിനോടകം കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പാചകവാതക സബ്സിഡി സംബന്ധിച്ച് അടിയന്തിരമായി കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | | | ബ്രാൻഡഡ് അല്ലാത്തത് | | ബ്രാൻഡഡ് | |
|---|---|---|---|---|---|---|
| ക്രമ നം. | | യൂണിറ്റ് | ഡീസൽ (രൂപ) | പെട്രോൾ (രൂപ) | ഡീസൽ (രൂപ) | പെട്രോൾ (രൂപ) |
| 1 | ബേസിക് എക്സൈസ് ഡ്യൂട്ടി | ലിറ്ററിന് | 1.80 | 1.40 | 4.20 | 2.60 |
| 2 | റോഡ് ഇൻഫ്രാസ്ട്രക്ചർ സെസ്സ് | ലിറ്ററിന് | 18.00 | 18.00 | 18.00 | 18.00 |
| 3 | സ്പെഷ്യൽ അഡീഷണൽ എക്സൈസ് ഡ്യൂട്ടി | ലിറ്ററിന് | 8.00 | 11.00 | 8.00 | 11.00 |
| 4 | അഗ്രികൾച്ചർ ആന്റ് ഇൻഫ്രാ സ്ട്രക്ചർ ഡെവലപ്മെന്റ് സെസ്സ് | ലിറ്ററിന് | 4.00 | 2.50 | 4.00 | 2.50 |
| | ആകെ | | 31.80 | 32.90 | 34.20 | 34.10 |